(സി) സർക്കാർ പുറമ്പോക്ക് ഭൂമി പൊതു ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. സർക്കാർ സേവന വകുപ്പുകൾക്ക് കമ്പോളവില ഈടാക്കാതെയും മറ്റ് വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും കമ്പോള വില ഈടാക്കിയുമാണ് ഭൂമിയും കെട്ടിടങ്ങളും അനുവദിച്ച് നൽകുന്നത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I അദ്ധ്യായം XIII അനുച്ഛേദം 326, റൂൾസ് ഫോർ ട്രാൻസ്ഫർ ഓഫ് ഗവൺമെന്റ് ലാന്റ്സ് ആന്റ് ബിൽഡിംഗ്സ് 1968-ൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരമാണ് ഇപ്രകാരം ഭൂമി വിട്ടുകൊടുക്കുന്നത്.

സമഗ്ര ദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതി

115 (3862) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവിധ ദുരന്തങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുന്നതിനുപകരം ഒരൊറ്റ പ്രീമിയത്തിലൂടെ എല്ലാ ദുരന്തങ്ങൾക്കും സമഗ്രമായ ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. തീരദേശ മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ ഐ.എൽ.ഡി.എം.-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ തലവനെ സർക്കാർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരട് രൂപരേഖ ലഭ്യമാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തത്തിനും അതുപോലെതന്നെ മനുഷ്യ പ്രേരിത ദുരന്തത്തിനും ഇരയാകുന്നവർക്കും കുടുംബങ്ങൾക്കും കൂടുതൽ പരിരക്ഷ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരട് പദ്ധതി രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ചും സാമ്പത്തിക ഉറവിടത്തെക്കുറിച്ചും വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly